# ചേരമാൻ പെരുമാളിന്റെ ഇസ്‌ലാം ആശ്ലേഷത്തിന് തെളിവ്

**ചേരമാൻ** പെരുമാളിനെക്കുറിച്ചുള്ള ചോദ്യവും ഉത്തരവും വായിച്ചു (*പ്രബോധനം* 18.8.2009). ലോക ചരിത്രത്തിൽ ഒരു മുസ്‌ലിം രാജവംശത്തിനുമില്ലാത്ത സമ്പ്രദായം അറക്കൽ മുസ്‌ലിം രാജവംശത്തിനുണ്ടായിരുന്നു; മരുമക്കത്തായ സമ്പ്രദായത്തിലൂടെയുള്ള രാജ്യഭരണാധികാരം. ഇത് കേരളത്തിലുണ്ടായിരുന്ന ക്ഷത്രിയ, നമ്പൂതിരി സംസ്കാരമായിരുന്നു. അറക്കൽ രാജവംശത്തിന്റെ ഉത്ഭവവുമായി ബന്ധപ്പെട്ട ഒരു ഐതിഹ്യം പ്രചാരത്തിലുണ്ട്. ചിറക്കൽ രാജകുടുംബത്തിലെ (കോലത്ത് നാട്) രാജകുമാരി ചിറയിൽവീണ് രക്ഷപ്പെടാൻ സാധിക്കാതെ പ്രയാസപ്പെടുന്നത് അതിലെ പോയ ഒരു മുസ്‌ലിം യുവാവ് കണ്ടു. അയാൾ തലയിലുണ്ടായിരുന്ന മുണ്ട് എറിഞ്ഞുകൊടുത്ത് വലിച്ചു രക്ഷപ്പെടുത്തിയതിനാൽ ജാതി ഭ്രഷ്ട് സംഭവിച്ച രാജകുമാരിയെ അയാൾക്ക് വിവാഹം കഴിച്ചുകൊടുക്കുകയും രാജ്യത്തിന്റെ പകുതി നൽകുകയും ചെയ്തുവെന്നും അതാണ് അറക്കൽ രാജസ്വരൂപമെന്നുമാണ് ഐതിഹ്യം. ചിലർ അതിനെ ചരിത്രവുമാക്കി.

*മനുസ്മൃതി* പ്രകാരം രാജ്യഭരണം ക്ഷത്രിയർക്ക് മാത്രമായിരുന്നു. *മനുസ്മൃതി*യുടെയും ജാതി നിയമങ്ങളുടെയും സ്വാധീനത്തിൽ പെട്ട്, അതനുസരിച്ച് സ്വന്തം മകളെ പുറത്താക്കിയ രാജാവ് രാജ്യത്തിന്റെ പകുതിയും ഭരണാധികാരവും ക്ഷത്രിയനല്ലാത്ത അന്യ ജാതിക്കാരന് നൽകിയെന്ന് പ്രചരിപ്പിച്ചത്, കേരള രാജാവ് ഇസ്‌ലാമാശ്ലേഷിച്ചതറിഞ്ഞത് മനഃപ്രയാസമനുഭവിച്ചവരാവാം.

ചേരമാൻ പെരുമാൾ മദീനയിൽ പോയി ഇസ്‌ലാമാശ്ലേഷിച്ചതിനു ശേഷം സഹോദരി ശ്രീദേവിക്കും അനന്തരവനും അയച്ച സന്ദേശ പ്രകാരം ക്ഷത്രിയരായിരുന്ന അവർ ഇസ്‌ലാം സ്വീകരിക്കുകയും അവകാശത്തോടെ അറക്കൽ സ്വരൂപത്തിന്റെ സ്ഥാപകരാവുകയുമാണുണ്ടായത്. അതിനെ തുടർന്ന് വടക്കെ മലബാറിൽ ചില നമ്പൂതിരി, നായർ മരുമക്കത്തായ ജന്മി തറവാടുകളിലുള്ളവർ ഇസ്‌ലാം സ്വീകരിച്ചതിനാൽ മറ്റെങ്ങുമില്ലാത്തവിധം നൂറ്റാണ്ടുകളായി ഇവിടെ മുസ്‌ലിം മരുമക്കത്തായ ജന്മി തറവാടുകളുണ്ടായി. തെക്കൻ പ്രദേശങ്ങളെ അപേക്ഷിച്ച് വടക്കെ മലബാറിൽ ഇസ്‌ലാമിക പണ്ഡിതന്മാരേക്കാളും സ്വാധീനിച്ചിരുന്നത് മുസ്‌ലിം മരുമക്കത്തായ ജന്മി തറവാടുകളായിരുന്നു. അവർ ആരാധനാ കർമങ്ങളിലല്ലാതെ കുടുംബവ്യവസ്ഥകളിൽ മാറ്റം വരുത്തിയിരുന്നില്ല. അതുകാരണം അനിസ്‌ലാമിക പിന്തുടർച്ചാവകാശവും 'പുതിയാപ്പിള അറ' പോലുള്ള സമ്പ്രദായങ്ങളും നിലനിന്നുപോന്നു. 1939-ൽ മദ്രാസ് നിയമസഭയിൽ മുഹമ്മദ് ശംനാട് അവതരിപ്പിച്ച ബില്ലിനെ തുടർന്ന് 1939-ലെ 'മാപ്പിള മരുമക്കത്തായ ആക്ട്' എന്ന പേരിൽ നിയമമായിത്തീർന്നു. പ്രസ്തുത ആക്ട് പ്രകാരം ഓരോ അംഗത്തിനും തന്റെ ഓഹരി ഭാഗിച്ചു കിട്ടണമെന്ന് ആവശ്യപ്പെടാനും വ്യവഹാരം മൂലം ഭാഗിച്ചു വാങ്ങാനുമുള്ള അവകാശം ലഭിച്ചതോടെ 'മുസ്‌ലിം മരുമക്കത്തായ സമ്പ്രദായം' ഇല്ലാതായി. പ്രശസ്ത ചരിത്രകാരനായിരുന്ന പി.എ സെയ്ത് മുഹമ്മദിന്റെ നേതൃത്വത്തിൽ 1960-ൽ പ്രസിദ്ധീകരിച്ച മുസ്‌ലിം ഡയറക്ടറിയിൽ, കേരള ചരിത്രത്തിന്റെ അടിസ്ഥാന ഗ്രന്ഥമായ കേരളോൽപത്തിയിലെയും അറക്കൽ രേഖകളിലെയും തെളിവുകളുദ്ധരിച്ച് ചേരമാൻ പെരുമാൾ പ്രവാചകന്റെ കാലത്തുതന്നെ മക്കയിലേക്ക് പോയിട്ടുണ്ടെന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

"സിലോണിലെ ചരിത്ര പ്രസിദ്ധമായ ആദംമല സന്ദർശിക്കാൻ ഒരു സംഘം അറേബ്യയിൽനിന്ന് പുറപ്പെടുകയും വഴിമധ്യേ അവർ കേരളത്തിലിറങ്ങുകയും കേരള രാജാവുമായി സംസാരിക്കുകയും ചെയ്തുവെന്ന് കേരളോൽപത്തി പറയുന്നു. അറേബ്യയിലെ അത്ഭുതാവഹമായ സാംസ്കാരിക പരിവർത്തനങ്ങളെപ്പറ്റി ചേരമാൻ പെരുമാളെ ധരിപ്പിച്ചപ്പോൾ അദ്ദേഹം അതീവ സന്തുഷ്ടനായി. സിലോൺ സന്ദർശനം കഴിഞ്ഞ് കേരളക്കരയിൽ വന്ന് തന്നെ കാണണമെന്നും അറേബ്യയിലേക്ക് താനും കൂടെ പുറപ്പെടാമെന്നും ചേരമാൻ പെരുമാൾ പറഞ്ഞതായി കേരളോൽപത്തി പ്രസ്താവിക്കുന്നു" (*കേരള മുസ്‌ലിം ഡയറക്ടറി*, പേജ് 109). ചേരമാൻ പെരുമാൾ പ്രവാചകന്റെ കാലത്തുതന്നെ മക്കയിലേക്ക് പോയിട്ടുണ്ടെന്നാണ് അറക്കൽ രാജസ്വരൂപത്തിൽ നിന്ന് കിട്ടിയ അമൂല്യമായ ഗ്രന്ഥാവലിയിൽ നിന്ന് വ്യക്തമാകുന്നത് (*കേരള മുസ്‌ലിം ഡയറക്ടറി*, പേജ് 110).

**വി.കെ കുട്ടു**
**ഉളിയിൽ**

# ഇമ്പിച്ചമ്മദ് ഹാജിയും കുട്ട്യാമു സാഹിബും

**ഒ.പി അബ്ദുസ്സലാം** മൗലവിയുടെ 'ഓർമയുടെ തീരങ്ങളിൽ' വായിച്ചു തുടങ്ങിയപ്പോൾ ആത്മാർഥതയുടെ തുടിപ്പ് നിഴലിച്ചുകണ്ടു. രണ്ടാം അധ്യായത്തിൽ കോഴിക്കോട് ഡി.സി.സി സെക്രട്ടറിയായിരുന്ന ഇമ്പിച്ചമ്മദ് ഹാജിയെ പരാമർശിച്ചത് മനസ്സിൽ തട്ടി.

നിഷ്കളങ്കരും നിസ്വാർഥരുമായ നേതാക്കൾ സംശുദ്ധിയോടെ കൈകാര്യം ചെയ്ത പഴയകാല രാഷ്ട്രീയത്തിന്റെ ഓർമകൾ മനസ്സിൽ പച്ച പിടിച്ചുനിൽക്കുന്നു. അതിൽ ഇമ്പിച്ചമ്മദാജിയെപ്പോലുള്ളവരുടെ ചിത്രം വർണശബളമായിതന്നെ നിലകൊള്ളുന്നു.

സബ് ഇൻസ്പെക്ടറുടെ മേശപ്പുറത്തുള്ള അന്വേഷണറിപ്പോർട്ട് തിരുത്തിച്ച ഇമ്പിച്ചമ്മദ് ഹാജി രാഷ്ട്രീയക്കാർക്ക് പല നിലക്കും മാതൃകയാണ്. കുന്ദമംഗലം നിയോജക മണ്ഡലത്തിൽ പാർട്ടി സ്ഥാനാർഥിയായി ഇമ്പിച്ചമ്മദ് ഹാജിയെ പ്രഖ്യാപിച്ചിട്ടും ലീലാ ദാമോദര മേനോന് സീറ്റ് ഒഴിഞ്ഞുകൊടുക്കാനുള്ള പാർട്ടിയുടെ കൽപന ശിരസാ വഹിച്ച അദ്ദേഹം ഒരിക്കലും അധികാര രാഷ്ട്രീയത്തിന്റെ പിന്നാലെ പോയില്ല. ജനങ്ങളെ മനസ്സറിഞ്ഞ് സഹായിച്ച ഹാജിക്ക് രാഷ്ട്രീയ പ്രതിയോഗികൾ പോലും മിത്രങ്ങളായിരുന്നു.

"ഇദ്ദേഹത്തെ എനിക്ക് നന്നായറിയാം. റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ മുഴുവൻ തെറ്റാണ്" എന്ന ഹാജിയുടെ വിശദീകരണം ബോധ്യപ്പെട്ടതു കൊണ്ടുതന്നെയാണ് സബ് ഇൻസ്പെക്ടർ റിപ്പോർട്ട് തിരുത്തിയത്. ഇമ്പിച്ചമ്മദ് ഹാജിയും ചീഫ് എഞ്ചിനീയർ കുട്ട്യാമു സാഹിബും ഉൾപ്പെടെയുള്ള മാതൃകാ പുരുഷന്മാരുടെ സേവന സന്നദ്ധതയോടുകൂടിയുള്ള നീക്കങ്ങളെക്കുറിച്ച് പുതിയ തലമുറ പഠിക്കേണ്ടത് തന്നെയാണ്.

പഠിക്കാനും പകർത്താനും ഉതകുന്ന വ്യക്തിത്വങ്ങളെക്കുറിച്ച് വൈകിയാണെങ്കിലും ഇത്തരം പരാമർശങ്ങൾ വരുന്നത് ശ്ലാഘനീയംതന്നെ.

**കെ.പി കുഞ്ഞിമ്മൂസ**

മൂല്യപ്രബുദ്ധതയുടെ
അറുപത് വർഷം

പ്രബോധനം
വാരിക
അറുപതാം വാർഷികം
2009 ആഗസ്റ്റ് – 2010 ആഗസ്റ്റ്

# ഉദ്ഘാടന സമ്മേളനം

**2009 ഒക്ടോബർ 2 വെള്ളി 4 pm എടയൂർ-വളാഞ്ചേരി**

- ചരിത്രമുറങ്ങുന്ന എടയൂർ വളാഞ്ചേരിയിൽ
- ഹാജി സാഹിബിന്റെയും കെ.സി അബ്ദുല്ല മൗലവിയുടെയും നേതൃത്വത്തിൽ 1949-ൽ *പ്രബോധനം* പ്രസിദ്ധീകരണം ആരംഭിച്ച മണ്ണിൽ
- *പ്രബോധനം* വാരികയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന അറുപതാം വാർഷികാഘോഷ പരിപാടികൾക്ക് തുടക്കം കുറിക്കുന്നു

**പങ്കെടുക്കുന്നവർ**

**ഇ.ടി. മുഹമ്മദ് ബശീർ എം.പി**
(മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി)

**ഇഅ്ജാസ് അഹ്മദ് അസ്‌ലം**
(എഡിറ്റർ *റേഡിയൻസ്* വീക്ക്‌ലി- ദൽഹി)

**ടി.കെ അബ്ദുല്ല**
(ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര ശൂറാംഗം)

**ടി. ആരിഫലി**
(ജമാഅത്തെ ഇസ്‌ലാമി കേരള അമീർ)

**കെ.പി രാമനുണ്ണി**

**കെ.ടി ജലീൽ എം.എൽ.എ**

**മഞ്ഞളാംകുഴി അലി എം.എൽ.എ**

**അബ്ദുൽ അഹദ് തങ്ങൾ**
(പ്രിന്റർ & പബ്ലിഷർ *പ്രബോധനം*)

**വി.കെ അലി**
(ജമാഅത്തെ ഇസ്‌ലാമി കേരള ശൂറാംഗം)

## ഖുർആൻ അവഗണിക്കപ്പെടുന്നുവോ?

'**സത്യാസത്യ** വിവേചകവും മാനവകുലത്തിന് സുവ്യക്തമായ സന്മാർഗദർശകവുമായി ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമദാൻ. ആ മാസത്തിന് സാക്ഷിയായാൽ നിങ്ങൾ നോമ്പനുഷ്ഠിക്കുക (2:185). ഇപ്രകാരമാണ് ഖുർആൻ റമദാനെ പരിചയപ്പെടുത്തിയത്. ആത്മീയ ലോകത്തു ഖുർആന്റെ സ്ഥാനം പദാർഥ ലോകത്തെ സൂര്യന്റേതാണ്.

മുസ്‌ലിം ലോകം റമദാനിൽ പ്രാധാന്യപൂർവം വ്രതം അനുഷ്ഠിക്കുന്നു. അതിന് കാരണമായ ഖുർആൻ അവതരണം റമദാന്റെ ഒരു ഉപവിഷയമായാണ് മുസ്‌ലിംകൾ ധരിച്ചു പോരുന്നത്. യഥാർഥത്തിൽ ഖുർആൻ അവതരണമാകുന്ന മഹാ അനുഗ്രഹത്തിന് നന്ദി സൂചകമായി വ്രതാനുഷ്ഠാനം നടത്താനാണ് ഖുർആൻ നിർദേശിച്ചത്. റമദാന്റെ അച്ചുതണ്ട് ഖുർആൻ അവതരണവും നോമ്പുൾപ്പെടെയുള്ള മറ്റു കർമങ്ങൾ ഖുർആൻ അവതരണത്തിന്റെ ഉപവിഷയങ്ങളുമാണെന്നതാണ് സത്യം. ഒരു കാര്യത്തെക്കാൾ പ്രാധാന്യം ആ കാര്യത്തിന്റെ പ്രേരണയായ കാരണത്തിനാണല്ലോ ഉണ്ടാവേണ്ടത്.

പണ്ഡിതലോകം ഈ യാഥാർഥ്യം അംഗീകരിക്കുന്നുണ്ടെങ്കിലും റമദാന്റെ പ്രത്യകതകൾ എടുത്തുപറയുന്ന കൂട്ടത്തിൽ ഖുർആൻ അവതരണവും ചേർത്തു പറയുന്ന ശൈലിയാണ് കണ്ടുവരുന്നത്. പ്രത്യേകിച്ച് റമദാൻ നോമ്പുമാസമെന്ന നിലക്കാണ് ഗ്രന്ഥകാരന്മാർ ഊന്നൽ നൽകിയിട്ടുള്ളത്. ആ ശൈലിയാണ് മുസ്‌ലിം ലോകം അംഗീകരിച്ചു കാണുന്നതും. അതാണ് കർമശാസ്ത്ര രീതിയും. റമദാനെ സംബന്ധിച്ച ഖുർആനിക വീക്ഷണവും കർമശാസ്ത്ര വീക്ഷണവും വ്യത്യസ്തമാണെന്ന് ചുരുക്കം.

മുൻഗാമികളായ പണ്ഡിതലോകം ഈ ദിശയിൽ ശ്രദ്ധ ചെലുത്തിയില്ലെന്നതു യാഥാർഥ്യമാണ്. റമദാന്റെ പ്രത്യേകതകളായ നോമ്പ്, രാത്രി നമസ്കാരം, ലൈലത്തുൽ ഖദ്ർ, ഇഅ്തികാഫ്, ഫിത്വർ സകാത്ത്, പെരുന്നാൾ നമസ്കാരം തുടങ്ങിയവക്ക് പ്രത്യേകം തലക്കെട്ടുകൾ തന്നെ നൽകിയിട്ടുണ്ട്. എന്നാൽ ആശയലോകത്ത് ഖുർആന്റെ പ്രാമുഖ്യവും സമഗ്രതയും വിശകലനം ചെയ്യുന്ന ഒരു അധ്യായം പോലും കാണുന്നില്ല. ഇതു ഗ്രന്ഥകാരന്മാരുടെ കുറവായല്ല, അന്നത്തെ ശൈലിയായി മനസിലാക്കിയാൽ മതി.

യാഥാർഥ്യമായി പുലർന്നു കഴിഞ്ഞ ഖുർആനിലെ പ്രവചനങ്ങൾ, ശാസ്ത്രത്തിന് മറുപടി പറയാൻ കഴിയാത്ത ദൈവിക ദൃഷ്ടാന്തങ്ങൾ, ഉത്തരമില്ലാത്ത ഖുർആന്റെ ചോദ്യങ്ങൾ, വെല്ലുവിളികൾ തുടങ്ങിയവ ലോകശ്രദ്ധയിൽ കൊണ്ടുവരാൻ കഴിയുന്ന ഒരു ഖുർആൻ മാസാചരണം വർഷാവർഷം നടത്തിയാൽ വാർത്താമാധ്യമങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ കഴിയുമെന്നതിൽ സംശയിക്കേണ്ടതില്ല.

**കുഞ്ഞുമുഹമ്മദ് വടുതല**